ആഗസ്റ്റ് 2025 | വാല്യം 17 | ലക്കം 8



# നിർമ്മലമാതാ വോയ്സ്

ഇടവക ബുള്ളറ്റിൻ



നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2832581
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)

(For Private Circulation only)

**സ്നേഹ സ്മരണയ്ക്ക്** 01-08-2025

**ഒന്നാം ചരമവാർഷികം**



# സെലിൻ സണ്ണി

**നടുത്തോട്ടത്തിൽ**

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE

ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org

nirmalamathachurch@gmail.com





ആഗസ്റ്റ് 2025 വാല്യം – 17, ലക്കം – 8



## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762

**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669, 7025366065

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

*ചീഫ് എഡിറ്റർ*

**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 6282312349

email: jamesvadakkel@gmail.com

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*

**എൻ. ജോയി വടക്കേക്കര** Ph: 9495125346

*സബ് എഡിറ്റേഴ്സ്*

**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202

**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744

**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106

**ജോസഫ് പീച്ചാട്ട്** Ph: 9447329181

**ജോർജ്ജ് മെതിപ്പാറ** Ph: 9388497918

**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513

**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **എബിൻ നെടുങ്ങാലിൽ** Ph: 9947665997. 6) **പി. ജെ. തോമസ് പൂനാട്ട്** Ph: 9846468106 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **വി. വി. ജോസ് വെളിയപ്പിള്ളിൽ** Ph: 9947404670.



**നിർമ്മലാംബികേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ**

*പേജുകളിലൂടെ...*


**3** വികാരിയച്ചന്റെ സന്ദേശം

**7** തെറ്റിദ്ധരിക്കപ്പെടുന്ന ചില ഡോക്ടർമാർ

**12** വിശുദ്ധരുടെ പാതയിലൂടെ

**14** ബൈബിൾ ക്വിസ് ചോദ്യങ്ങൾ

**15** ബൈബിൾ ക്വിസ് ശരി ഉത്തരങ്ങൾ

**17** വാർഡ് പ്രാർത്ഥനാ ഭവനങ്ങൾ

**18** വാർഡ് വാർത്തകൾ

**22** ദേവാലയ വായനകൾ

**24** വി.ഗ്രന്ഥ വായനകൾ


**കവർ പേജ്:**


**ലിമായിലെ വി.റോസ്**

## മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ

**15.08.2025 വെള്ളി**

6 AM വി.കുർബാന 8 AM വി.കുർബാന

## വികാരിയച്ചന്റെ സന്ദേശം



### *ഭാഗ്യവതിയായ പരിശുദ്ധ കന്യാമറിയം*

പരി. മാതാവിന്റെ സ്വർഗാരോപണ തിരുനാളും നമ്മുടെ നാടിന്റെ സ്വാതന്ത്ര്യദിനവും ഒരുമിച്ച് ആഘോഷിക്കുന്നത് നമുക്ക് സന്തോഷം ഉളവാക്കുന്ന ദിവസമാണ്. യഥാർത്ഥ സന്തോഷം ജീവിതത്തിന്റെ നന്മകളിലുള്ള അഭിമാനമാണ്. ആത്മാവും ശരീരവും ഉൾപ്പെട്ട സമഗ്ര വ്യക്തിത്വത്തിന്റെ സംതൃപ്തിയാണ് യഥാർത്ഥ സന്തോഷം. ഭാരതാംബയുടെ സ്വാതന്ത്ര്യദിനവും ദൈവാംബികയുടെ സ്വർഗ്ഗരാജ്യ പ്രവേശനവും ആത്മീയവും ഭൗതികവുമായ രണ്ടു മാനങ്ങളാണ്. സ്വർഗ്ഗവും ഭൂമിയുമാണ് നമ്മുടെ പ്രധാന ജീവിത വ്യവസ്ഥകൾ. അവ രണ്ടും നമ്മുടെ ജീവിതത്തിന്റെ പരിഗണനാ മേഖലകളാണ്. ഈ രണ്ടു മേഖലകളിലും നമുക്ക് സന്തോഷവും സമാധാനവും വേണമല്ലോ.

പരിശുദ്ധ അമ്മ ഭൂമിയിൽ ജനിച്ച് ജീവിച്ച് ജീവിതാവസാനം സ്വർഗ്ഗത്തിൽ എത്തിയവളാണ്. ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും സന്തോഷം അതിന്റെ നിറവിൽ അനുഭവിച്ചവളാണ് അമ്മ. നമ്മുടെ സാധാരണവും മാനുഷികവുമായ പരിഗണനകളും മാനദണ്ഡങ്ങളും വച്ചു നോക്കിയാൽ സങ്കടങ്ങളുടെയും അലച്ചിലുകളുടെയും ലോകമായിരുന്നു പരിശുദ്ധ അമ്മയുടേത്. എന്നാൽ ഒരു മനുഷ്യ വ്യക്തിക്ക് ലഭിക്കാവുന്ന പരമാവധി ഭാഗ്യവും സന്തോഷവും അനുഭവിച്ചവളാണ് അമ്മ. അതാണ് സ്തോത്രഗീതത്തിൽ നാം കേൾക്കുന്നത്. “ഇന്നുമുതൽ സകലതലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും” എന്ന് പ്രഘോഷിക്കുന്ന അമ്മ കുരിശിന്റെ ചുവട്ടിൽവരെ കർത്താവിനെ അനുഗമിച്ചതിനെ ഓർത്തു നോക്കൂ. കണ്ണീരണിഞ്ഞ മുഖവും നിരാശ നിറഞ്ഞ ഹൃദയവുമുള്ള ഒരു സ്ത്രീ രൂപമായിരിക്കും നമ്മുടെ മനസ്സിൽ തെളിയുന്നത്. എന്നാൽ അതല്ല സത്യം “ഇതാ കർത്താവിന്റെ ദാസി നിന്റെ വചനം എന്നിൽ നിറവേറട്ടെ” എന്ന് ഉദ്ഘോഷിച്ചവൾ ആവലാതികളും പിറുപിറുപ്പുമായിട്ടല്ല ജീവിച്ചത് എന്ന് നിസ്സംശയം പറയാം. അതുകൊണ്ടാണ് ഗാഗുൽത്തായിലെ കുരിശിൽ കിടന്നുകൊണ്ട് മനുഷ്യ മക്കൾക്ക് അവളെ അമ്മയായി കർത്താവ് നൽകിയത്. ഭൗതികവും ആത്മീയ

വുമായ യഥാർത്ഥ സന്തോഷം അനുഭവിക്കുന്ന ഒരാളെയല്ലേ കർത്താവ് മനുഷ്യർക്ക് മാതൃകയും മാതൃസാന്നിധ്യവുമായി നൽകുകയുള്ളൂ.

ഒരു മനുഷ്യ വ്യക്തി കടന്നുപോകേണ്ട എല്ലാ ജീവിതാനുഭവങ്ങളിലൂടെയും കടന്നുപോയ കടന്നുപോയ പരിശുദ്ധ മറിയം സ്വർഗ്ഗാരാജ്യത്തിൽ പ്രവേശിച്ചത് ദൈവഹിതത്തിന് സമ്പൂർണ്ണമായി കീഴടങ്ങിക്കൊണ്ടായിരുന്നു. അമ്മയുടെ സ്വർഗ്ഗാരോപണം നമ്മുടെ നിത്യ ജീവിതത്തിനുള്ള ഉറപ്പും പ്രചോദനവുമാണ്. ദൈവം തന്റെ അമ്മക്കു നൽകിയ അനുഗ്രഹം തന്റെ മക്കൾക്കും നൽകാനാഗ്രഹിക്കുന്നു. ഈ ലോക ജീവിതത്തിനുശേഷം ത്രിതൈക ദൈവത്തോടും സ്വർഗ്ഗവാസികളോടുമൊപ്പമുള്ള ജീവിതം തന്റെ പ്രിയപ്പെട്ട മക്കൾക്കും വേണമെന്ന് അമ്മയും ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തെ ലക്ഷ്യമാക്കി തീർത്ഥാടനം ചെയ്യുന്നവരാണ് നമ്മൾ എന്നൊക്കെ പറയുമെങ്കിലും ജീവിതത്തിന്റെ സങ്കടങ്ങളിലും പ്രതിസന്ധികളിലും പരീക്ഷണങ്ങളിലും പ്രലോഭനങ്ങളിലും തീർത്ഥാടന ചിന്തയും ദൈവഹിത ചിന്തയും നമ്മൾ കൈവിട്ടുകളയുകയാണ് പതിവ്.

തീർച്ചയായും വിശുദ്ധരെല്ലാം നമ്മൾ അനുഭവിച്ച പ്രശ്നങ്ങളും സങ്കടങ്ങളും രോഗങ്ങളും വഞ്ചനകളും അപകടങ്ങളും അനുഭവിച്ചവരാണ്. എന്നാൽ ഈ ദുരിതങ്ങളുടെയും തകർച്ചകളുടെയും മധ്യത്തിൽ കഴിയുമ്പോൾ അവർ സ്വർഗ്ഗത്തിലേക്ക് പ്രതീക്ഷയോടെ നോക്കി. സുവിശേഷത്തിന്റെ ചൈതന്യവും വിശുദ്ധ കൂദാശകളുടെ ശക്തിയും അവരെ ധൈര്യമുള്ളവരാക്കി. ക്രിസ്തുവിനെ പ്രതി, ദൈവരാജ്യത്തെ പ്രതി, നിത്യതയെ ഓർത്ത് അവർ ജീവിച്ചു. രക്തസാക്ഷികളും വിശുദ്ധാത്മാക്കളും ഇങ്ങനെയാണ് നിത്യ കിരീടം നേടിയത്. പരിശുദ്ധ അമ്മയുടെ സ്വർഗാരോപണം ഇതാണ് നമ്മെ പഠിപ്പിക്കുന്നത്.

മണ്ണും വിണ്ണും തമ്മിൽ വലിയ അന്തരമുണ്ടെങ്കിലും അവയ്ക്കിടയിൽ വിനിമയവും സഞ്ചാരവുമുണ്ടെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഓരോ തിരുനാളും ഇതാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. ബൈബിളിന്റെ ആദ്യ പേജു മുതൽ സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ആശയ വിനിമയം കാണാം. മനുഷ്യനെ തേടി വന്ന ദൈവം മനുഷ്യനെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകാനാണ് എല്ലാം ചെയ്തത്.

അത് മനസ്സിലാക്കിയിട്ട് ദൈവഹിതത്തിന് കീഴ്‌വഴങ്ങിയവരും കീഴ്‌വഴങ്ങാത്തവരുമാണ് യഥാക്രമം സ്വർഗ്ഗത്തിലും നരകത്തിലുമുള്ളത്. ഈ സ്വർഗാരോപണത്തിരുനാൾ നമ്മുടെ മാനസികപ്രദനമാകട്ടെ. നമ്മുടെ സ്വർഗ്ഗീയ അമ്മ നമ്മുടെ സ്വർഗ്ഗരാജ്യ പ്രവേശനം തീവ്രമായി ആഗ്രഹിക്കുന്നുണ്ട്. അമ്മയുടെ അടുത്തെത്താൻ നമുക്കും ആഗ്രഹിക്കാം.

**പ്രിയമുള്ളവരെ**

നമ്മുടെ ഇടവക ദേവാലയം സ്ഥാപിതമായതിന്റെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനത്തിലേക്ക് നാം അടുക്കുകയാണ്. 2026 ജനുവരി 4-ാം തിയതി, ഞായറാഴ്ച, ജൂബിലി സമാപന ദിനമായി ആചരിക്കുവാൻ ഇടവകയോഗം തീരുമാനിക്കുകയുണ്ടായി. ജൂബിലിയോടനുബന്ധിച്ച് ആത്മീയവും ഭൗതീകവുമായി ചെയ്യേണ്ട കാര്യങ്ങളും പൊതുയോഗം ചർച്ച ചെയ്ത് തീരുമാനിച്ചിരുന്നു. ആത്മീയ തലത്തിൽ ദേവാലയത്തിലും ഭവനങ്ങളിലും ജൂബിലി വർഷ പ്രാർത്ഥന ചൊല്ലി നാം ദൈവാനുഗ്രഹം യാചിക്കുകയാണ്.

ഭൗതീക തലത്തിൽ ചെയ്യേണ്ട പ്രവർത്തികൾ (പള്ളിയുടെ മദ്ബഹ - സീലിംഗ് നവീകരണം, പള്ളിയുടെയും അനുബന്ധ കെട്ടിടങ്ങളുടെയും പെയിന്റിംഗ്, ജൂബിലി സ്മാരകഭവനങ്ങൾ, പള്ളിമുറി) ഉടൻ തന്നെ ചെയ്തു തീർക്കേണ്ടതുണ്ട്. ഇതിൽ ജൂബിലി സ്മാരകഭവനങ്ങളിൽ രണ്ടാമത്തെ ഭവനത്തിന്റെ പണി ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ ഉടൻ ആരംഭിക്കുകയാണ്. പള്ളിയുടെ മദ്ബഹയുടെയും, സീലിംഗിന്റെയും നവീകരണം; പള്ളി, പള്ളിമുറി, സിമിത്തേരി, ചുറ്റുമതിൽ, മുറ്റത്തെ ടൈൽ ഉൾപ്പെടെയുള്ള പെയിന്റിംഗ് ജോലികൾ എന്നിവയ്ക്കായി 21 ലക്ഷം രൂപ ചിലവ് കണക്കാക്കുന്നു. ജൂബിലി സ്മാരക പള്ളിമുറിക്ക് 20 ലക്ഷവും, ജൂബിലി ആഘോഷങ്ങൾക്കും മറ്റുമായി 4 ലക്ഷം രൂപയും ചേർത്ത് മറ്റൊരു 24 ലക്ഷം രൂപ കൂടി ചിലവ് പ്രതീക്ഷിക്കുന്നു.

ഓരോ കുടുംബവും കഴിവിനനുസരിച്ച് സഹകരിച്ചാൽ ആവശ്യമായ ഫണ്ട് ശേഖരിക്കാൻ കഴിയും എന്ന പ്രതീക്ഷയുണ്ട്. ഇത്തരം നിർമാണ പ്രവർത്തനങ്ങൾക്കല്ലാതെ പ്രത്യേകപിരിവുകൾ നാം നടത്താറില്ലല്ലോ. നമ്മുടെ വരുമാനത്തിന്റെ ദശാംശം ദേവാലയാ

വശ്യങ്ങൾക്കു നൽകുന്ന നല്ല പതിവനുസരിച്ച് ഓരോ കുടുംബവും തങ്ങളുടെ ഒരു മാസത്തെ വരുമാനത്തിനു തുല്ല്യമായ തുക മേൽ പറഞ്ഞ ആവശ്യങ്ങൾക്കു വേണ്ടി നൽകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവരും ആവശ്യം മനസ്സിലാക്കി ആത്മാർത്ഥ മായി സഹകരിച്ചാൽ നമ്മുടെ പദ്ധതികളെല്ലാം പൂർത്തിയാക്കാൻ കഴിയും.

എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു

**ഭവന സന്ദർശനവും വീടു വെഞ്ചരിപ്പും**

**(സമയം 5.00PM - 900 PM)**

2025 ആഗസ്റ്റ് 7, 8 (വ്യാഴം, വെള്ളി) വാർഡ് 1

2025 ആഗസ്റ്റ് 11, 12 (തിങ്കൾ, ചൊവ്വ) വാർഡ് 2

2025 ആഗസ്റ്റ് 13, 14 (ബുധൻ, വ്യാഴം) വാർഡ് 3

2025 ആഗസ്റ്റ് 18, 19 (തിങ്കൾ, ചൊവ്വ) വാർഡ് 4

2025 ആഗസ്റ്റ് 21, 22 (വ്യാഴം, വെള്ളി) വാർഡ് 5

2025 ആഗസ്റ്റ് 25, 26 (തിങ്കൾ, ചൊവ്വ) വാർഡ് 6

2025 ആഗസ്റ്റ് 27, 28 (ബുധൻ, വ്യാഴം)വാർഡ് 7

2025 ആഗസ്റ്റ് 29, 30 (വെള്ളി, ശനി) വാർഡ് 8

ഓരോ ദിവസത്തേയും ഭവന സന്ദർശനത്തിന്റെ ലിസ്റ്റ് തലേ ദിവസം വാർഡിന്റെ വാട്സാപ്പ് ഗ്രൂപ്പിൽ നൽകുന്നതായിരിക്കും

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരിയച്ചൻ
ഫാ. ജോർജ്ജ് വടക്കേൽ

# തെറ്റിദ്ധരിക്കപ്പെടുന്ന ചില ഡോക്ടർമാർ!

സ്റ്റെല്ല ബെന്നി

എന്റെ ചെറുപ്പകാലത്താണ് ഈ സംഭവം നടന്നത്, ഏകദേശം 55 വർഷങ്ങൾക്കുമുമ്പ്. എന്റെ സ്വന്തക്കാരിൽപെട്ട ഒരു മേരിയാന്റി (അവിവാഹിത) രോഗിയായി. കടുത്ത ശാരീരിക ക്ഷീണം. തലചുറ്റൽ, വിളർച്ച, വയറ് കാരണം കൂടാതെ വീർത്തുവീർത്തു വരുന്നു. ഞങ്ങളുടെ നാട്ടിൽ അന്ന് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയുണ്ടായിരുന്നു. ആന്റിയെ വീട്ടുകാർ ആരുടെയോ നിർദേശപ്രകാരം ചീഫ് ഫിസിഷ്യനെ കാണിച്ചു. ഫിസിഷ്യൻ ഒരു പരിശോധനയ്ക്കുശേഷം ആന്റിയെ സർജൻറെ അടുത്തേക്കു പറഞ്ഞുവിട്ടു.

ആ സർജൻ ഒരു നല്ല ഡോക്ടറായിരുന്നു. തന്റെ അടുത്തുവരുന്ന രോഗികളെ പൂർണമായും സുഖപ്പെടുത്തി പറഞ്ഞയക്കുവാൻവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധതയുള്ളവൻ. ഡോക്ടർ അന്നത്തെ കാലത്ത് നിലവിലുള്ള എല്ലാ ടെസ്റ്റുകളും നടത്തി. വിവിധതരം സ്കാനിംഗുകളൊന്നും അന്നില്ല. സാമാന്യം ഭേദപ്പെട്ട സാധാരണ ഹോസ്പിറ്റലുകളിൽ എക്സ്റേ മാത്രം നിലവിലുണ്ട്. ഡോക്ടർ എക്സറേയിലൂടെ രോഗനിർണയം നടത്തി. കിട്ടിയ റിപ്പോർട്ടനുസരിച്ച് ആന്റിയുടെ ഗർഭപാത്രത്തിൽ വലിയൊരു ട്യൂമറുണ്ട്. അടിയന്തിരമായ ശസ്ത്രക്രിയ അനിവാര്യം.

ശസ്ത്രക്രിയ വളരെ റിസ്ക് നിറഞ്ഞതായിരുന്നു. ഉള്ളിലുള്ള ട്യൂമറിന്റെ വലുപ്പക്കൂടുതൽകൊണ്ട് ഒരുപക്ഷേ ഗർഭപാത്രംകൂടി എടുത്തുമാറ്റേണ്ടി വന്നേക്കാം. ഡോക്ടർ ഇക്കാര്യം നേരത്തെതന്നെ രോഗിയെയും കുടുംബക്കാരെയും അറിയിച്ചു. അങ്ങനെ സംഭവിച്ചാൽ രോഗിക്ക് ജീവിതത്തിലൊരിക്കലും ഒരമ്മയാകാൻ പറ്റില്ല. വിവരങ്ങൾ കേട്ട ആന്റി വിങ്ങിവിങ്ങി കരഞ്ഞു. വീട്ടുകാരും കൂടെക്കരഞ്ഞു. പക്ഷേ ഡോക്ടർ അവരെ ആശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു, ‘‘കരയാതിരിക്കുക, മുട്ടിപ്പായി പ്രാർത്ഥിക്കുക. ദൈവം തീർച്ചയായും സഹായിക്കും. ഞാൻ എന്റെ കഴിവിന്റെ പരമാവധി പ്രയത്നിക്കും, സഹോദരിക്കൊരു ജീവിതംതരാൻ.’’

അങ്ങനെ ഓപ്പറേഷൻ തീയതി തീരുമാനിച്ചു. സർജറി നടത്തുന്ന ദിവസത്തിലെ ആദ്യത്തെ സർജറി ആന്റിയുടേതായിരുന്നു. വേറെയും അടിയന്തിര സർജറികളുണ്ട് ആ ദിവസം. രോഗിയുടെയും വീട്ടുകാരുടെയും സമ്മതപത്രം എഴുതി വാങ്ങിച്ചു. ഓപ്പറേഷൻ തിയറ്റർ ഒരുക്കി. സർജറി തുടങ്ങി. വയറു കീറിപ്പിളർന്നപ്പോഴാണ് ഡോക്ടർക്ക് മനസിലായത് രോഗിയുടെ വയറ്റിൽ ഒരു മുഴ മാത്രമല്ല അതിന്റെ അടിയിലായി വേറെ മൂന്നോളം മുഴകൾകൂടിയുണ്ട്. ഈ മുഴകൾ എക്സറേ

റിപ്പോർട്ടിൽ തീരെ വ്യക്ത മായിരുന്നില്ല. പക്ഷേ ആ കേസ് വേഗത്തിൽത്തന്നെ പരിഹരിക്കാം - ഗർഭപാത്രത്തോടെ അതു പുറത്തെടുത്താൽ. പക്ഷേ അപ്പോൾ തകർന്നുപോകുന്നത് ഒരു രോഗിയുടെ മംഗല്യസ്വപ്നങ്ങളായിരിക്കും. രോഗിയുടെ കരഞ്ഞു കലങ്ങിയ കണ്ണുകൾ ഡോക്ടറുടെ ഓർമയിലേക്ക് കടന്നുവന്നു. അദ്ദേഹം കണ്ണുകളടച്ചു പ്രാർത്ഥിച്ചു. പിന്നീട് താൻ വിശ്വസിക്കുന്ന ദൈവത്തിന്റെ കൈപിടിച്ചുകൊണ്ട് ഒറ്റയ്ക്ക് ഒരു പോരാട്ടം. കാരണം സർജറിയിൽ തന്റെ സഹായിയാകേണ്ട ഡോക്ടർ അടിയന്തിര കാരണങ്ങളാൽ അന്നു ലീവായിരുന്നു. രണ്ടുമണിക്കൂർകൊണ്ട് തീരേണ്ട സർജറി തീർന്നപ്പോൾ ഏഴുമണിക്കൂറെടുത്തു. സർജറി വലിയ വിജയമായിരുന്നു!!

പക്ഷേ... തിയേറ്ററിനു പുറത്ത് വലിയൊരു ഭൂകമ്പം ഉരുണ്ടുകൂടുകയായിരുന്നു. ഡോക്ടറുടെ പിടിപ്പുകേടുകൊണ്ട് രോഗിക്കെന്തോ സംഭവിച്ചു. അതുകൊണ്ടാണ് ഡോക്റും നഴ്സുമാരും പുറത്തുവരാത്തത് എന്നുപറഞ്ഞ് ആകപ്പാടെ ബഹളം. നാട്ടുകാരും വീട്ടുകാരുമുണ്ട് കൂട്ടത്തിൽ. ഗർഭപാത്രത്തിൽ മുഴയല്ലായിരുന്നു, കുട്ടിയായിരുന്നു എന്നു പറഞ്ഞ് ചില വിവരദോഷികൾ. അവിഹിത ഗർഭം മറയ്ക്കാനുള്ള ശ്രമത്തിലാണ് പൈസ വാങ്ങി ഒരുമ്പെട്ട ഡോക്ടറും ആശുപത്രി അധികൃതരും എന്നുപറഞ്ഞ് വേറൊരു കൂട്ടർ. എന്തായാലും തൊട്ടടുത്ത് പോലീസ് സ്റ്റേഷനുണ്ടായിരുന്നതുകൊണ്ടും തക്കസമയത്ത് പോലീസ് ഇടപെട്ടതുകൊണ്ടും ഡോക്ടർ ദേഹോപദ്രവമേൽക്കാതെ രക്ഷപെട്ടു.

പക്ഷേ ഒരു പാവപ്പെട്ട യുവതിക്ക് കഠിന പരിശ്രമത്തിലൂടെ ജീവിതം തിരികെ വാങ്ങിക്കൊടുത്ത ആ ഡോക്ടർ കഠിനമായി പൊതുജനത്താൽ തെറ്റിദ്ധരിക്കപ്പെട്ടു. ആ ദിവസം നടക്കേണ്ടിയിരുന്ന മറ്റു സർജറികൾ മുടങ്ങിയതു കൊണ്ട് ആ രോഗികളുടെ വീട്ടുകാരും ആശുപത്രി അധികൃതരുംവരെ അസ്വസ്ഥരായിത്തീർന്ന് അദ്ദേഹത്തെ പഴിചാരി. സംഗതികളുടെ യഥാർത്ഥ അവസ്ഥയറിഞ്ഞ മറ്റുചില ഡോക്ടേഴ്സ് അദ്ദേഹത്തോടു ചോദിച്ചു, "താനെന്തിനാടോ ഇത്രമാത്രം റിസ്ക് എടുത്ത് വെറുതെ അടി മേടിക്കുവാൻ പോയത്. ഇക്കാലത്ത് ആത്മാർത്ഥതക്കൊന്നും യാതൊരു വിലയുമില്ല. ഭാവിയിലെങ്കിലും താൻ പ്രാക്ടിക്കലായിത്തീരണം. രോഗി ചത്താലും ജീവിച്ചാലും സമയത്ത് സർജറി തീർക്കണം."

പക്ഷേ, ആ ഡോക്ടറെ എന്നും നന്ദിയോടെയോർത്ത് അദ്ദേഹത്തിനുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഒരുവളുണ്ട്. അത് മേരിയാന്റി ആയിരുന്നു. മേരിയാന്റി വിവാഹിതയായി, രണ്ടു കുട്ടികളുടെ അമ്മയായി. ഇന്ന് സ്വസ്ഥമായ കുടുംബജീവിതം നയിക്കുന്നു! നന്മനിറഞ്ഞ ഒരു ഡോക്ടറാണ് അതിനിടയാക്കിയത്.

# യേശു ഉത്തമനായ ഒരു ഡോക്ടർ

ലോകം കണ്ടതിൽവച്ച് ഏറ്റവും ഉത്തമനായ ഡോക്ടർ യേശുക്രിസ്തുതന്നെ. തന്റെ അടുത്തുവരുന്നവരെ രക്ഷിക്കു വാനും സൗഖ്യപ്പെടുത്തുവാനുംവേണ്ടി എന്തു ത്യാഗവും ഏറ്റെടുക്കുന്നവൻ! എത്ര സമയവും പാഴാക്കുന്നവൻ! ഏശയ്യാ 53/5 ൽ അവനെക്കുറിച്ച് ഇപ്രകാരം എഴുതപ്പെ ട്ടിരിക്കുന്നു "നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി അവൻ ക്ഷതമേൽപിക്കപ്പെട്ടു. അവന്റെമേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചിരിക്കുന്നു." താൻ ചികിത്സിക്കുന്ന രോഗിക്കുവേണ്ടി, സ്വയം മുറിവുകൾ ഏറ്റെടുത്തുകൊണ്ട് തന്നിൽ അഭയം പ്രാപിച്ചിരിക്കുന്ന രോഗിയെ സുഖപ്പെടുത്തുന്ന യേശുവിനെപ്പോലെ വേറൊരു ഡോക്ടറും ഈ ഭൂമിയിലില്ല. അതാണ് യേശുവെന്ന ദിവ്യവൈദ്യന്റെ ഏറ്റവും വലിയ സവിശേഷത.

മുറിവേറ്റതും രോഗഗ്രസ്തവുമായ ഈ ലോകത്തെ സുഖപ്പെടുത്തുവാനായി മുറിയപ്പെടുവാനായി അവൻ തന്നെത്തന്നെ വിട്ടുകൊടുത്തു."അവൻ ദൈവമായിരുന്നിട്ടും ദൈവവുമായിട്ടുള്ള സമാനത മുറുകെ പിടിക്കേണ്ട ഒരു കാര്യമായി പരിഗണിക്കാതെ, ദാസന്റെ രൂപം സ്വീകരിച്ച് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ട് മരണംവരെ അതെ, കുരിശുമരണംവരെ തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു." (ഫിലിപ്പി 2/6-10).

തന്റെ അടുത്തേക്കുവന്ന ഓരോ രോഗിയെയും ഓരോ സവിശേഷമായ രീതിയിലൂടെയാണ് സൗഖ്യപ്പെടുത്തിയത്. ചിലരെ ഒരു വാക്കുകൊണ്ട്, ചിലരെ ഒരു നോക്കുകൊണ്ട്, ചിലരെ ഒരു സ്പർശനത്തിലൂടെ, ചിലരെ ഒരു ചേർത്തുപിടിക്കൽകൊണ്ട്, ചിലരെ ശക്തിമത്തായ ഒരു ആജ്ഞയിലൂടെ. എല്ലാവരെയും വിവിധങ്ങളും സവിശേഷങ്ങളുമായ വിധത്തിലൂടെയാണ് അവിടുന്നു സുഖപ്പെടുത്തി ജീവന്റെ സമൃദ്ധിയിലേക്ക് കൊണ്ടുവന്നത്. നായിനിലെ വിധവയുടെ മകനെയും ബാലികയെയും തൻറെ സ്നേഹിതനായ ലാസറിനെയുമെല്ലാം ഒറ്റ വാക്കിലൂടെയാണ് മരിച്ചവരിൽനിന്നും ഉയിർപ്പിച്ച് ജീവന്റെയും സൗഖ്യത്തിന്റെയും സമൃദ്ധിയിലേക്ക് കൊണ്ടുവരുന്നത്. പക്ഷേ മറ്റു പലർക്കുംവേണ്ടി അവരെ സൗഖ്യത്തിലേക്ക് നയിക്കാൻ അവിടുന്ന് ഏറെ സമയം ചെലവിടുന്നത് കാണാൻ കഴിയും. മർക്കോസ് 8/22-26 ൽ കാണുന്ന അന്ധയാചകനെ അവിടുന്ന് കൈക്കുപിടിച്ച് ഗ്രാമത്തിനു വെളിയിൽ കൊണ്ടുപോയി. അവന്റെ കണ്ണുകളിൽ തുപ്പിയശേഷം അവന്റെമേൽ

കൈകൾ വച്ചുകൊണ്ട് ചോദിക്കുന്നു, നീ എന്തെങ്കിലും കാണുന്നുണ്ടോ? ഞാൻ മനുഷ്യരെ കാണുന്നുണ്ട്. അവർ മരങ്ങളെപ്പോലെയിരിക്കുന്നു. നടക്കുന്നതായും കാണുന്നു. വീണ്ടും യേശു അവന്റെ കണ്ണുകളിൽ കൈകൾ വച്ചുകൊണ്ട് അവനു കാഴ്ച തിരിച്ചുകൊടുക്കുന്നു. അപ്പോൾ അവൻ എല്ലാ വസ്തുക്കളും വ്യക്തമായി കണ്ടു!

ഇവിടെ ഒരു ചോദ്യമുയരുന്നു. എന്തുകൊണ്ടാണ് യേശു ഇവനെ സുഖപ്പെടുത്തുവാൻ ഇത്രയേറെ സമയവും പ്രയത്നവും ചെലവഴിക്കുന്നത് എന്ന്. ദൈവംതന്നെയായ അവന്റെ ഒറ്റവാക്കുപോരായിരുന്നോ അവനെ സുഖപ്പെടുത്തുവാൻ? അതിനുള്ള ഉത്തരം യേശുവിനുമാത്രമേ അറിയൂ.

വീണ്ടും ലാസറിന്റെ ശവകുടീരത്തിങ്കൽ ചെന്നുനിന്ന് കണ്ണുനീർ പൊഴിക്കുന്ന യേശുവിനെ നോക്കി പൊതുജനം ചോദിക്കുന്നു, "അന്ധന്റെ കണ്ണുതുറന്ന ഈ മനുഷ്യന് ഇവനെ മരണത്തിൽനിന്നും രക്ഷിക്കുവാൻ കഴിയുമായിരുന്നില്ലേ? " (യോഹന്നാൻ 11:37). ഈ ചോദ്യം തികച്ചും ന്യായവുമായിരുന്നു. ലാസർ രോഗിയായപ്പോഴേ അവന്റെ സഹോദരിമാർ യേശുവിനെ വിവരമറിയിച്ചിരുന്നു. "ഗുരോ, നീ സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു "ദയവായി വന്നു സുഖപ്പെടുത്തിയാലും എന്ന്. പക്ഷേ, അവൻ ലാസർ മരിക്കാൻ കാത്തിരിക്കുന്നു! മരിച്ചഴുകാൻവേണ്ടി കാത്തിരിക്കുന്നു. ലാസറിന്റെ നാലുദിവസം പിന്നിട്ട, മരിച്ചഴുകിയ ജഡമുള്ള ശവകുടീരത്തിങ്കൽ അവനെത്തുന്നുവെങ്കിലും നീണ്ട ഒരു സമയമെടുത്താണ് അവനെ കല്ലറയിൽനിന്നും പുറത്തുകൊണ്ടുവരുന്നത്. മാത്രമല്ല കല്ലറയുടെ മുഖത്തെ കല്ലു മാറ്റുവാനും അവന്റെ വാക്കുകേട്ട് ജീവനുള്ളവനായി പുറത്തുവന്ന ലാസറിന്റെ കെട്ടുകൾ അഴിക്കുവാനും അവിടുന്ന് ചുറ്റും കൂടിയിരുന്നവരുടെ സഹായം ആവശ്യപ്പെടുന്നു. ദൈവംതന്നെയായ അവന് ഒറ്റവാക്കുപോരായിരുന്നുവോ ലാസറിനെ സൗഖ്യപ്പെട്ടവനും ജീവനുള്ളവനുമായി പുറത്തു കൊണ്ടുവരുവാനും എന്ന് ചിലരെങ്കിലും ചിന്തിച്ചിരിക്കാം. ഞാനും ഒരു കാലഘട്ടത്തിൽ അങ്ങനെയൊക്കെ ചിന്തിച്ചിട്ടുണ്ട്. മാത്രമല്ല ഒരത്ഭുതം പ്രവർത്തിക്കുവാൻവേണ്ടി ഇത്രയേറെ നീണ്ട സമയം അവിടുത്തേക്കെടുക്കണമ ായിരുന്നുവോ? ഇതെല്ലാം മനുഷ്യന്റെ പാകതയെത്താത്ത ചിന്തകൾ! എന്നാൽ ദൈവം പറയുന്നു "എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല. നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല. ആകാശം ഭൂമിയെക്കാൾ ഉയർന്നുനിൽക്കുന്നു. അതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനെക്കാൾ ഉന്നതമത്രേ "(ഏശയ്യാ 55/8 - 9).

## മുറിവേറ്റവൻ നൽകുന്ന സൗഖ്യം!

ക്രൂശിതന്റെ മുറിവുകൾ സ്വന്തം ജീവിതത്തിൽ പേറുന്ന ഏറെ സൗഖ്യശുശ്രൂഷകരുണ്ടായിട്ടുണ്ട് ഈ ഭൂമിയിൽ. ചിലർക്ക് ഈ മുറിവുകൾ സ്വന്തം ശരീരത്തിലാകാം. മറ്റുചിലർക്കത് മാനസിക തലങ്ങളിലാകാം. ശരീരത്തിലും മനസിലും ഒരേപോലെ ക്രൂശിതന്റെ പഞ്ചക്ഷതങ്ങൾ ഏറ്റു വാങ്ങിയ ഒരു സൗഖ്യശുശ്രൂഷകനായിരുന്നു വിശുദ്ധനായ പാദ്രേപിയോ, ഞെട്ടിപ്പിക്കുന്ന സൗഖ്യശുശ്രൂഷകളിലൂടെയോ ഗംഭീര പ്രസംഗങ്ങളിലൂടെയോ അല്ല. പിന്നെയോ ക്രിസ്തുവിനോട് അത്രമേൽ ഐക്യപ്പെട്ടിട്ടുള്ള ദിവ്യബലിയിലൂടെയും കുമ്പസാരക്കൂട്ടിലെ വിശുദ്ധ കുമ്പസാരത്തിലൂടെയുമാണ് അദ്ദേഹം മുറിവേറ്റതും പാപഗ്രസ്തമായ ലോകത്തെ സുഖപ്പെടുത്തിയതും.

പിശാചിനാലും അവന്റെ സേനകളാലും വളരെയേറെ പീഡിപ്പിക്കപ്പെട്ട ഒരു വിശുദ്ധനായിരുന്നു അദ്ദേഹം. ക്രിസ്തവുമായി അഗാധമാംവിധം ഏകീഭവിച്ചുള്ള ശുശ്രൂഷയാകകൊണ്ട് വിശുദ്ധ ബലികളിലും വിശുദ്ധ കുമ്പസാരത്തിലും പലപ്പോഴും സമയനിഷ്ഠ പാലിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. തൻനിമിത്തവും മറ്റ് പല കാരണങ്ങൾകൊണ്ടും സഭാധികാരികൾ അദ്ദേഹത്തെ കഠിനമായി തെറ്റിദ്ധരിക്കുകയും ഏകദേശം മൂന്നു വർഷത്തോളം പരസ്യമായി കുർബാനയർപ്പിക്കുന്നതും കുമ്പസാരിപ്പിക്കുന്നതും നിരോധിക്കു കയും ചെയ്തു. എന്നാൽ തന്റെ അഗാധമായ എളിമയും അനുസരണവും കഠിനപ്രാർത്ഥനയുംകൊണ്ട് അദ്ദേഹം ഈ കാലഘട്ടത്തെ അതിജീവിക്കുകയും വീണ്ടും പരസ്യമായി ശുശ്രൂഷ ചെയ്യാനുള്ള ദൈവകൃപയിലേക്ക് നയിക്കപ്പെടുകയും ചെയ്തു. എന്നിരുന്നാലും ജീവിതകാലം മുഴുവൻ അദ്ദേഹം ഒരു സഹനദാസനായിരുന്നു.

ഓരോ വചനശുശ്രൂഷകനും ഒരു സൗഖ്യശുശ്രൂഷകനാണ്. കാരണം ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. "മരുന്നോ ലേപന ഔഷധങ്ങളോ അല്ല എല്ലാവരെയും സുഖപ്പെടുത്തുന്ന അവിടുത്തെ വചനമാണ് അവരെ സുഖപ്പെടുത്തിയത്" (ജ്ഞാനം 16/12). അതുപോലെ ഓരോ വൈദ്യനും ഒരു ദൈവശുശ്രൂഷ കനാണ്. മുറിവേറ്റതും രോഗഗ്രന്ഥവുമായ ഈ ലോകത്തെ സൗഖ്യപ്പെടുത്തുവാനുള്ള വരവും അഭിഷേകവും ഓരോ വൈദ്യനും ദൈവം നൽകിയിരിക്കുന്നു. "വൈദ്യനെ ബഹുമാനിക്കുക. നിനക്ക് അവനെ ആവശ്യമുണ്ട്. കർത്താവാണ് അവനെ നിയോഗിച്ചത്. വൈദ്യന്റെ ജ്ഞാനം അത്യുന്നതനിൽനിന്നും വരുന്നു!" (പ്രഭാഷകൻ 38/1).

കടപ്പാട് (ശാലോ ടൈംസ്)

## വിശുദ്ധരുടെ പാതയിലൂടെ

# ലീമായിലെ വിശുദ്ധ റോസ

അമേരിക്കയിൽ നിന്ന് ആദ്യമായി ഔദ്യോഗികമായി നാമകരണം ചെയ്യപ്പെട്ട് വിശുദ്ധ പദവിയിൽ എത്തിയ പുണ്യവതിയാണ് ലീമായിലെ വിശുദ്ധ റോസ. റോസയുടെ ഇഷ്ട വിശുദ്ധയായ സീയന്നായിലെ കത്രീനായെപ്പോലെ അമിതമായ സഹനങ്ങളും പരിത്യാഗങ്ങളും വി. റോസയുടെ പ്രത്യേകതയായിരുന്നു.

തെക്കേ അമേരിക്കയുടെ പസഫിക്ക് സമുദ്രതീരത്ത് പെറു രാജ്യം സ്ഥിതി ചെയ്യുന്നു. വടക്ക് ഇക്വഡോറും, കൊളംബിയായും കിഴക്ക് ബ്രസീലും ബൊളീവിയായും തെക്ക് ചിലിയും അതിർത്തികൾ. അവിടുത്തെ ജനസംഖ്യയിൽ 95 ശതമാനവും റോമൻ കത്തോലിക്കരാണ്. ഈ പെറുവിന്റെ തലസ്ഥാനമായ ലിമായിൽ റോസ് 1586 -ഏപ്രിൽ 20-നു ജനിച്ചു. മാതാപിതാക്കൾ പോർട്ടറിക്കോയിൽ നിന്നുള്ള പാവപ്പെട്ട സ്പാനീഷ് വംശജരായിരുന്നു. പോർട്ടറിക്കോ അമേരിക്കൻ ഐക്യനാടുകളുടെ കീഴിലുള്ള അറ്റ്ലാന്റിക്ക് സമുദ്രത്തിലെ ഒരു ദ്വീപാണ്. റോസയുടെ മാമ്മോദീസാപ്പേര് ഇസബെല്ലാ ഡെ ഫ്ലോറസ് എന്നായിരുന്നുവെങ്കിലും ബാല്യകാലത്തെ അവളുടെ സൗന്ദര്യം നിമിത്തം പനിനീർ പുഷ്പമെന്ന് അർത്ഥമുള്ള റോസ എന്നാണ് എല്ലാവരും വിളിച്ചിരുന്നത്. പിന്നീട് ആ പേരിൽ തന്നെയാണ് വിശുദ്ധ അറിയപ്പെട്ടിരുന്നത്.

ബാല്യം മുതൽ റോസ അസാധാരണമായ ക്ഷമയും സഹനശീലവും കാണിച്ചിരുന്നു. ശൈശവകാലത്ത് വേദനാജനകമായ ഒരു ശസ്ത്രക്രിയയ്ക്ക് വിധേയയായപ്പോൾ കണ്ടുനിന്നവരെ അത്ഭുതപ്പെടുത്തികൊണ്ട് ആ വേദനകൾ നിശ്ശബ്ദമായി അവൾ സഹിച്ചു. ക്രിസ്തുവിനു വേണ്ടി പീഢകൾ സഹിക്കാൻ അവൾ അത്യധികം ആഗ്രഹിച്ചിരുന്നു. പതിനൊന്നാമത്തെ വയസ്സിൽ സൈര്യലേപനം സ്വീകരിച്ചപ്പോൾ അവളുടെ പേര് റോസ്മേരി എന്നാക്കി. അക്കാലത്ത് ഒരു അഭൗമിക റോസാപ്പൂ പോലെ അവളുടെ മുഖം തിളങ്ങിയിരുന്നു. ദൈവവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും റോസ് മേരിക്ക് അതീവ ബഹുമാനമായിരുന്നു. പ്രാർത്ഥനകൾക്കും പരിത്യാഗത്തിനും അവൾ ജീവിതം സമർപ്പിച്ചു. ഉണ്ണിയേശുവിനോടും പരിശുദ്ധ അമ്മയോടും അവൾക്ക് പ്രത്യേക ഭക്തിയുണ്ടായിരുന്നു.

അതിസുന്ദരിയായിരുന്ന റോസ് മേരി തന്റെ സൗന്ദര്യത്തെക്കുറിച്ച്

ആരെങ്കിലും സംസാരിക്കുമ്പോൾ ഭയത്തോടെയാണ് അവൾ അതു കേട്ടിരുന്നത്. അതിനാൽ റോസ് മേരി തന്റെ മുടി മുറിച്ചുകളയുകയും യാത്രയ്ക്കു പോകുമ്പോൾ കുരുമുളകു പൊടി തേച്ച് മുഖം വിരൂപമാക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ഒരു യുവാവ് അവളുടെ മൃദുലമായ കൈകളെക്കുറിച്ച് പുകഴ്ത്തിപ്പറഞ്ഞപ്പോൾ അവൾ ഓടിപ്പോയി കൈകൾ ചൂടുള്ള കുമ്മായ ത്തിൽ മുക്കി. തന്റെ സൗന്ദര്യം മറ്റുള്ളവർക്ക് പരീക്ഷണ കാരണമാവരുതെന്ന് അവൾ വിചാരിച്ചിരുന്നു. അവളുടെ ഇത്തരം പ്രവൃത്തികൾ ഇന്ന് പലർക്കും വിചിത്രവും വിലക്ഷ ണവും വിവരക്കേടുമാണെന്ന് തോന്നാവുന്നതാണ്. അരയിൽ മുള്ളുള്ള അരഞ്ഞാണവും തലമുടിക്കുള്ളിൽ ശിരോവസ്ത്രത്തിനടിയിൽ ഒരു മുൾമുടിയും അവൾ ധരിച്ചിരുന്നു. ആഴ്ചയിൽ മൂന്നു ദിവസം റൊട്ടിയും വെള്ളവും മാത്രം കഴിച്ച് അവൾ ഉപവസിച്ചിരുന്നു. തോട്ടത്തിൽ അവൾ നട്ടുവളർത്തിയത് രുചിയില്ലാത്ത സസ്യങ്ങളാണ്.

റോസിന്റെ കുടുംബം സാമ്പത്തികമായി തകർന്നപ്പോൾ അവൾ അടുത്ത വീട്ടിൽ ചെന്ന് തോട്ടപ്പണിയും തുന്നൽപ്പണിയും ചെയ്തത് അവൾ മാതാപിതാക്കളെ സഹായിച്ചിരുന്നു. പകിട്ടേറിയ ചിത്രപ്പണികൾക്ക് അവൾ സമർത്ഥയായിരുന്നു. കോൺവെന്റിൽ ചേരാൻ മാതാപിതാക്കൾ സമ്മതിക്കാത്തതിനാൽ ഏകാന്തതയെ ഒത്തിരി ഇഷ്ടപ്പെട്ടിരുന്ന റോസ് മരിയ തന്റെ തോട്ടത്തിൽ മൺകട്ട കൊണ്ട് ഒരു കുടിലുണ്ടാക്കി അതിലായിരുന്നു താമസം. അതിനു സഹോദരനും സഹായിച്ചു കൊടുത്തു. കുപ്പിച്ചില്ലുകളും പൊട്ടിയ മൺപാത്രങ്ങളുടെ കഷണങ്ങളും നിറച്ച ഒരു പെട്ടിയിലായിരുന്നു റോസയുടെ വിശ്രമം. ദൈവാലയത്തിൽ മണിക്കൂറുകളോളം വി. കുർബാനക്കു മുമ്പിൽ അവൾ ആരാധന നടത്താറുണ്ടായിരുന്നു. എല്ലാ ദിവസവും ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള അനുവാദം റോസക്ക് കുമ്പസാരക്കാരൻ അനുവദിച്ചു കൊടുത്തിരുന്നു. കോൺവെന്റിൽ ചേരാൻ മാതാപിതാക്കൾ സമ്മതിക്കാത്തതിനാൽ റോസ തന്റെ കുടിലിൽ പ്രായശ്ചിത്തവും പരിഹാരവുമനുഷ്ഠിച്ചു ജീവിച്ചു. ഇരുപതാമത്തെ വയസ്സിൽ അവൾ ഡൊമിനിക്കൻ മൂന്നാം സഭയിലെ ഒരംഗമായി സ്വഭവനത്തിൽ തുടർന്നു. വളരെ കുറച്ചു മാത്രമേ അവൾ ഭക്ഷിച്ചിരുന്നുള്ളൂ. മണിക്കൂറുകളോളം അവൾ സമാധനത്തിന്റെയും ആനന്ദത്തിന്റെയും ആത്മീയനിർവൃതിയിൽ കഴിഞ്ഞുകൂടി. അപ്പോൾ കർത്താവ് പലപ്പോഴും അവൾക്ക് സ്വയം വെളിപ്പെടുത്തിക്കൊടുത്തിരുന്നു. വിശുദ്ധിക്കും വിശ്വാസത്തിനുമെതിരായി

അവൾക്കുണ്ടായ പൈശാചിക പരീക്ഷണങ്ങളെ വിജയിക്കാൻ അവൾക്ക് കഴിഞ്ഞിരുന്നു. കൂടാതെ പാപപരിഹാരത്തിനു വേണ്ടിയും വിഗ്രഹാരാധകരുടെ മാനസാന്തരത്തിനുവേണ്ടിയും റോസ പരിഹാരവും പ്രായശ്ചിത്തവും നിരന്തരം അനുഷ്ഠിച്ചുപോന്നു.

വി. റോസ ഒരിക്കൽ എഴുതിയത് വിശുദ്ധയുടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "കർത്താവിന്റെ കൈകളിൽ ഞാൻ ഒരു തുലാസ് ദർശിച്ചു. വളരെ സൂക്ഷ്മതയോടെ കർത്താവ് ആത്മാക്കൾക്ക് അനുഗ്രങ്ങൾ കൊടുക്കുന്നതിനനുസരിച്ച് പീഡനങ്ങളും കൊടുക്കുന്നു. പറുദീസായിലെ ശരിയായ ത്രാസിൽ കൃപയുടെ തൂക്കമനുസരിച്ചാണ് കഷ്ടപ്പാടുകൾ നല്കപ്പെടുന്നത്. തങ്ങൾക്കു കിട്ടുന്ന കുരിശിന്റെ ഭാരം നോക്കുന്ന തുലാസ്സിനെക്കുറിച്ച് അറിയുന്നവരാരും അതിന്റെ ഭാരത്തെക്കുറിച്ച് പരാതി പറയുകയില്ല."

ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ സുദീർഘമായ രോഗത്തിലും സഹനത്തിലും വി. റോസ് കഴിഞ്ഞുകൂടി. "കർത്താവേ എന്റെ സഹനങ്ങൾ വർദ്ധിപ്പിക്കുക "എന്നായിരുന്നു രോഗശയ്യയിൽ അവളുടെ പ്രാർത്ഥന. 1617 ആഗസ്റ്റ് 24-ാം തീയതി 31-ാമത്തെ വയസ്സിൽ ഈ സുന്ദരപുഷ്പം വാടിവീണു. പട്ടണവാസികൾ കൂട്ടമായി വന്ന് അവൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. റോസയുടെ മരണത്തിനുശേഷം നിരവധി അത്ഭുതങ്ങൾ ആ പുണ്യവതിയുടെ മാധ്യസ്ഥ്യത്താൽ നടന്നു. ക്ലെമന്റ് ഒമ്പതാമൻ മാർപ്പാപ്പ 1668 മാർച്ച് 12-ാം തീയതി ലീമായിലെ റോസയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 1671 ഏപ്രിൽ 12-ന് ക്ലമന്റ് പത്താമൻ പാപ്പ റോസയെ വിശുദ്ധയായി പ്രഖ്യാപിച്ചു. ലീമായിലെ വിശുദ്ധ റോസ ലാറ്റിൻ അമേരിക്കയുടെയും ഫിലിപ്പിൻസിന്റെയും മധ്യസ്ഥയാണ്. റോസപ്പൂവിന്റെ മുടിയോടെയാണ് ഈ പുണ്യവതി ചിത്രീകരിക്കപ്പെടുന്നത്.

വിചിന്തനം: "പ്രതികൂല സാഹചര്യങ്ങൾ നമ്മളെ കുരിശിന്റെ ചുവട്ടിൽ എത്തിക്കുന്നു, കുരിശു നമ്മളെ സ്വർഗ്ഗ കവാടത്തിൽ എത്തിക്കുന്നു." (വി. ജോൺ മരിയ വിയാനി)

# ബൈബിൾ ക്വിസ്സ്




11

**ലോഗോസ് ക്വിസ് 25 സെപ്റ്റംബർ 28, 2025 (രജിസ്ട്രേഷൻ) – ജൂൺ 1, 2025 – ജൂലൈ 31, 2025**

25-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2025 സെപ്റ്റംബർ 28 ന് നടക്കുന്നു. പാഠഭാഗം - ന്യായാധിപന്മാർ 11-21, പ്രഭാഷകൻ 41-50, ലൂക്ക 17-24, എഫേസോസ് 1-6. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## ബൈബിൾ ക്വിസ് 11 ചോദ്യങ്ങൾ

### എഫേസോസ് 1-3 അദ്ധ്യായങ്ങൾ

1 എഫേസോസുകാർക്കെഴുതിയ ലേഖനം ഏതു കാലഘട്ടത്തിൽ എവിടെ വച്ചെഴുതിയെന്നാണ് പൊതുവെ കരുതപ്പെടുന്നത്?

2 യഹൂദരെയും വിജാതിയരെയും തമ്മിൽ വേർതിരിച്ചിരുന്ന ശത്രുതയുടെ മതിൽ തകർത്ത് ഇരു കൂട്ടരെയും ഒരു ജനമാക്കിത്തീർത്തത് ആര് ? എങ്ങനെ ?

3. രക്ഷയുടെ സദ് വാർത്തയായ ................ ശ്രവിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്ത നിങ്ങളും വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ അവനിൽ മുദ്രിതരായിരിക്കുന്നു.

4. ക്രിസ്തുവിൽ ആദ്യമായി പ്രത്യാശയർപ്പിച്ച നാം ജീവിക്കേണ്ടത് എന്തിനു വേണ്ടിയാണ് ?

5. അവിടുന്ന് തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് എന്താണ് മുൻകൂട്ടി തീരുമാനിച്ചത് ?

6. .............. അവന്റെ ശരീരമാണ്. എല്ലാ വസ്തുക്കളിലും സകലവും പൂർത്തിയാക്കുന്ന അവന്റെ ...............യുമാണ്.

7. അത് നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്. അത് പ്രവൃത്തികളുടെ ഫലമല്ല. ഏത് ?

8. നാം ദൈവത്തിന്റെ ..............ആണ്; നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത് പ്രവൃത്തികൾക്കായി യേശു ക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്.

9. ഇനി മേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല. പിന്നെ ആരാണ് ?

10. അവൻ നമ്മുടെ സമാധാനമാണ്. ഇരു കൂട്ടരെയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു. ഇരു കൂട്ടർ ആരൊക്കെയാണ്?

11. ക്രിസ്തുവിന്റെ സ്നേഹം എങ്ങനെയുള്ളതാണെന്നാണ് 3 - ാം അദ്ധ്യായത്തിൽ പറയുന്നത്?
12. ക്രിസ്തുവിനെ പ്രതി തടവുകാരനായിത്തീർന്നിരിക്കുന്ന പൗലോസായ ഞാൻ, നിങ്ങൾക്കുവേണ്ടി ......... കൈകാര്യം ചെയ്യാൻ നിയോഗിക്കപ്പെട്ടിരിക്കുകയാണ്.
13. അവനിലുള്ള വിശ്വാസം മൂലം ................വും ദൈവത്തെ സമീപിക്കാൻ സാധിക്കുമെന്ന ............യും നമുക്കുണ്ട്.
14. ഞാൻ മുൻപ് ചുരുക്കമായി നിങ്ങൾക്കെഴുതിയിട്ടുള്ളതുപോലെ ...........യാണ് രഹസ്യം എനിക്കറിവായത്.
15. ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. എന്നാൽ അടിത്തറ ആരാണ്?
16. ...........ഉം .............ഉം ആണ് നമ്മുടെ പ്രധാന ജീവിത വ്യവസ്ഥകൾ
17. നമ്മുടെ നിത്യ ജീവിതത്തിനുള്ള ഉറപ്പും പ്രചോദനവുമാണ്..............
18. ശരീരത്തിലും മനസിലും ഒരേപോലെ ക്രൂശിതന്റെ പഞ്ചക്ഷതങ്ങൾ ഏറ്റുവാങ്ങിയ സൗഖ്യ ശുശ്രൂഷകനായിരുന്നു...............
19. ഏത് രാജ്യത്തിന്റെ തലസ്ഥാനമാണ് ലിമാ ?
20. വി. റോസ ഏതൊക്കെ രാജ്യങ്ങളുടെ മദ്ധ്യസ്ഥയാണ് ?

## ബൈബിൾ ക്വിസ് - 10 ശരിയുത്തരങ്ങൾ

1. ഏലിയായെ
2. എലീഷ
3. ഏലിയാ
4. അത്യുന്നതന്റെ
5. ഏശയ്യ
6. ജോസിയായുടെ
7. ഹെസക്കിയ
8. ജറേമിയ
9. എസ്ക്കിയേൽ
10. നെഹമിയ
11. ഹെനോക്ക്
12. ഓനിയാസ്
13. സെയിർമലയിൽ വസിക്കുന്നവരും, ഫിലിസ്ത്യരും
14. അഹറോന്റെ പുത്രന്മാർ
15. ശിമയോൻ
16. മാർഗ്ഗത്തിലൂടെ ചരിക്കുന്നവർ
17. ബഥാനിയായിലേയ്ക്ക്
18. വി.മോനിക്ക്, വി. അഗസ്റ്റിൻ
19. കുഷ്ഠരോഗിയായ ശിമയോന്റെ
20. മെഡിറ്ററേനിയൻ കടലിൽ

## ബൈബിൾ ക്വിസ് - 10

**ആകെ പങ്കെടുത്തവർ 18 ശരിയുത്തരമെഴുതിയവർ 14**

1. എലിസബത്ത് ജോൺ മഞ്ചേരിൽ
2. ലിൻസി ബിജു ചുണ്ടങ്ങായിൽ
3. എൽസി ടോമി മാറാമറ്റത്തിൽ
4. ജോസ് പനോക്കാരൻ
5. മേരി ജോർജ്ജ് മണ്ണൂർ
6. ബിനി ബെന്നി ആടുകുഴിയിൽ
7. തങ്കച്ചൻ ചേരിയിൽ
8. ലിസമ്മ ഐപ്പ് കല്ലിങ്കൽ
9. മേരി തോമസ് നടാംകുഴിയിൽ
10. സുജ ജോൺസൺ വെണ്ടർമ്യാലിൽ
11. എമിലിൻ സിബി മെതിപ്പാറയിൽ
12. വൽസ ജോർജ്ജ് മെതിപ്പാറയിൽ
13. ജോർജ്ജ് കുര്യൻ മെതിപ്പാറയിൽ
14. സ്വപ്ന സിബി കാട്ടുകുടിയിൽ

## ബൈബിൾ ക്വിസ് 10 സമ്മാനാർഹർ

1. എലിസബത്ത് ജോൺ മഞ്ചേരിൽ 2. വൽസ ജോർജ്ജ് മെതിപ്പാറയിൽ

## വാർഡ് പ്രാർത്ഥന ഭവനങ്ങൾ

**വചനഭാഗം. വി. യോഹ 2:1-12**

| വാർഡ് | ഭവനം | തീയതി | ദിവസം | സമയം |
|---|---|---|---|---|
| 1 | ഐപ്പ് ജോൺ, കല്ലിങ്കൽ | 02.08.2025 | ഒന്നാം ശനി | 6.30 pm |
| 2 | ജിജോ, വല്ലൂരാൻ | 03.08.2025 | ഒന്നാം ഞായർ | 6.30 pm |
| 3 | ജോയി, മടേക്കൽ | 10.08.2025 | രണ്ടാം ഞായർ | 6.00 pm |
| 4 | സജൻ നടാംകുഴിയിൽ | 10.08.2025 | രണ്ടാം ഞായർ | 6.45 pm |
| 5 | ജോബി, വെട്ടുകാട്ടിൽ | 17.08.2025 | മൂന്നാം ഞായർ | 6.30 pm |
| 6 | ജോസഫ്, പാലക്കാട്ട്പുത്തൻപുരയിൽ | 09.08.2025 | രണ്ടാം ശനി | 6.30 pm |
| 7 | മാത്യു, കൊറ്റാംച്ചേരിൽ | 16.08.2025 | മൂന്നാം ശനി | 6.30 pm |
| 8 | സേവ്യർ, നെല്ലിപ്പിള്ളിൽ | 24.08.2025 | നാലാം ഞായർ | 6.00 pm |
| 9 | ഫിലിപ്പ്, കണംകൊമ്പിൽ | 24.08.2025 | നാലാം ഞായർ | 6.45 pm |
| 10 | മത്തായി, ഇഞ്ചക്കപുത്തൻപുരയിൽ | 23.08.2025 | നാലാം ശനി | 6.30 pm |

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

### വാർഡ് 1

### നിർമ്മല മാതാ

- സഞ്ചയ് ഇഞ്ചക്കപറമ്പിൽ
- തങ്കമ്മ കാക്കനാട്ട്
- ആനീസ് കുരിശുംമൂട്ടിൽ
- ഡെൽസൺ പുത്തൻകുടിയിൽ
- അരുൺ പുത്തൻകുടിയിൽ
- ക്രിസ്റ്റീന തെക്കേക്കര
- മെറിൻ കുമ്പളംചോട്ടിൽ

### വാർഡ് 2

### സെന്റ് ജോസഫ്

- എയ്ഞ്ചൽ നടുത്തോട്ടത്തിൽ
- ഷാരോൺ നടുത്തോട്ടത്തിൽ
- ജോസഫ് നടുത്തോട്ടത്തിൽ
- ആനി നടുത്തോട്ടത്തിൽ
- എൻ.ജോയി വടക്കേക്കര
- സിസിലി വടക്കേക്കര
- കുഞ്ഞമ്മ മാടശ്ശേരിൽ
- ഫെലിക്സ് മാഞ്ഞൂരാൻ
- എമ്മ തെരേസ് ജോസഫ് കണ്ടനാട്ട്

### വാർഡ് 3

### സെന്റ് മേരീസ്

- സുനു കൊറ്റാഞ്ചേരിൽ
- മേരി വറങ്ങലകുടിയിൽ
- ബേബി വറങ്ങലകുടിയിൽ
- അലൻ വടക്കേൽ
- മരിയ വെണ്ടർമ്യാലിൽ
- ഐറിൻ പൊന്നുംപുരയിടം
- റിസ് തലയ്ക്കൽ
- റെൻസ് തലയ്ക്കൽ
- ഫിലോമിന വെണ്ടർമ്യാലിൽ

### വാർഡ് 4

### ഹോളി ഫാമിലി

- ബേബി തോട്ടത്തിൽ
- തെരേസ തെക്കേക്കുന്നേൽ
- ജോസ്മിൻ തളിയത്ത്
- മിന്റു കണ്ണിക്കാട്ട്
- അലൻ പിട്ടാപ്പിള്ളിൽ
- ജോയിസ് മുണ്ടയ്ക്കൽ
- ജെറിൻ മുണ്ടയ്ക്കൽ
- ജിയോഫ്രി മുണ്ടയ്ക്കൽ
- ജോസഫ് നെടുംതള്ളിൽ

## വാർഡ് 5

## സെന്റ് ജോർജ്ജ്

- ആൽബി ആക്കപ്പടിയ്ക്കൽ
- ലിസ് കക്കാട്ടിൽ
- ജീവ നടാംകുഴിയിൽ
- മിനി മെതിപ്പാറയിൽ
- ബഞ്ചമിൻ പടിഞ്ഞാറേക്കുടി
- ബേസിൽ മെതിപ്പാറയിൽ

## വാർഡ് 6

## സെന്റ് ഫ്രാൻസീസ്

- ആനി ചുണ്ടങ്ങയിൽ
- പെണ്ണമ്മ കാട്ടുകുടിയിൽ
- ഇസ അന്ന കാട്ടുകുടിയിൽ

## വാർഡ് 7

## സെന്റ് പീറ്റർ

- മേവൽ തെക്കേക്കുന്നേൽ
- അനു തെക്കേക്കുന്നേൽ
- പ്രിയ നടുത്തോട്ടത്തിൽ
- ബിബിൻ നടുത്തോട്ടത്തിൽ
- ലിസ്മരിയ പുതുശ്ശേരി
- റീന പ്ലാക്കീൽ
- സിറിൾ പുത്തനങ്ങാടി
- നിമ്മി നെടുങ്ങാട്ട്
- ജോർജ്ജ് വടക്കുംന്തല
- ആന്റു പ്ലാക്കീൽ
- അമല പ്ലാക്കീൽ

## വാർഡ് 8

## സെന്റ് അഗസ്റ്റിൻ

- ജോൺസൺ വറങ്ങലക്കുടിയിൽ
- മോളി മുണ്ടങ്ങാട്ടിൽ
- പോൾ നെല്ലിപ്പിള്ളിൽ
- ഡോണ നെല്ലിപ്പിള്ളിൽ
- മേഘ മണവാളൻ
- നിഷ കാളാംപറമ്പിൽ
- അനു കാളാംപറമ്പിൽ
- ബീന ചുണ്ടങ്ങയിൽ
- മേരി ചുണ്ടങ്ങയിൽ
- ലിയ കാളാംപറമ്പിൽ
- ഹെബ്രിയ റോസ് ജിതിൻ പുത്തൻകുടിയിൽ
- സിനി ചിറാക്കുളങ്ങര
- ജുവൽ ലിജോ പാത്തംകുളമ്പേൽ
- സാലി കാട്ടുകുടിയിൽ

വാർഡ് 9

## ഫാത്തിമ മാതാ

- മേരി മണ്ണൂർ
- മേരി നെടുഞ്ചാലിൽ
- ജിജോ താണിമറ്റത്തിൽ
- മോളി ചുണ്ടങ്ങയിൽ
- അമല ആടുകുഴിയിൽ
- ബിനോയി പഞ്ഞിക്കുന്നേൽ
- ജെസ്സി പഞ്ഞിക്കുന്നേൽ
- ലിയോൺ പഞ്ഞിക്കുന്നേൽ

വാർഡ് 10

## ക്രിസ്തുരാജ്

- തങ്കച്ചൻ കാക്കരുകുന്നേൽ
- ലിബിൻ മലമ്പുറത്ത്
- മിനി തെങ്ങുംപിള്ളിൽ
- അന്നമ്മ ഇഞ്ചയ്ക്കപുത്തൻപുരയിൽ
- ജേക്കബ് പാലാക്കാരൻ

# വിവാഹവാർഷികം

വാർഡ് 1

## നിർമ്മല മാതാ

വാർഡ് 2

## സെന്റ് ജോസഫ്

- ഫെലിക്സ് & ജെസി മാഞ്ഞൂരാൻ
- കുര്യൻ & മേരി പഞ്ഞിക്കാരൻ
- സജി & കലമോൾ നടുത്തോട്ടത്തിൽ

വാർഡ് 3

## സെന്റ് മേരീസ്

- സോബൻ & ബിനിറ്റ തലയ്ക്കൽ
- ജോസ് & നിഷ പനോക്കാരൻ

വാർഡ് 4

## ഹോളി ഫാമിലി

**വാർഡ് 5**

## സെന്റ് ജോർജ്ജ്

- സാബു & സിന്ധു പൂണേലിൽ

**വാർഡ് 6**

## സെന്റ് ഫ്രാൻസിസ്

**വാർഡ് 7**

## സെന്റ് പീറ്റർ

- ബാബു & മിനി ഇരമംഗലത്ത്
- ബേബി & റാണിമാർഗരറ്റ് നടുവിലേക്കുറ്റ്
- സിജു & നിമ്മി നെടുങ്ങാട്ട്
- മാത്യൂസ് & മനീഷ നെടുങ്ങാട്ട്
- ജോസ് & ജെസ്സി മടേക്കുന്നേൽ
- നിതിൻ & റിയ താഴത്തുവീട്ടിൽ

**വാർഡ് 8**

## സെന്റ് അഗസ്റ്റിൻ

**വാർഡ് 9**

## ഫാത്തിമ മാതാ

- ആൽഫിൻ & സബീന നെടുഞ്ചാലിൽ
- ജോസഫ് & കുട്ടിയമ്മ പുതിയാപറമ്പിൽ
- ലിബിൻ & നീനു മലമ്പുറത്ത്

**വാർഡ് 10**

## ക്രിസ്തുരാജ്

- ജോർജ്ജ് & വത്സമ്മ കാവാട്ട്.
- പ്രിൻസ് & സിൽവിയ പാലാക്കാരൻ

# ദൈവാലയ വായനകൾ

## 2025 ആഗസ്റ്റ്

## കൈത്താക്കാലം

3 ഞാ
നിയ 4:32-40
ഏശ 4:2-6
2 കോറി 3:4-12
ലൂക്കാ 15:11-32

4 തി
യാക്കോ 1:12-18
മത്ത 7:21-28

**വി. ജോൺമരിയ വിയാനി**
1 സാമു 21:1-6
എസെ 36:22-27
2 കോറി 1:3-7
മത്താ 9:35-10:1

5 ചൊ
യാക്കോ 4:1-7
ലൂക്കാ 6:20-26

6 ബു
2 കോറി 4:14-5:1
യോഹ 12:23-28

**നമ്മുടെ കർത്താവീശോ മിശിഹായുടെ രൂപാന്തരീകരണം**
പുറ 19:1-8+20:18-21
ശ്ലീഹ 1:15-26
ഹെബ്രാ 12:18-29
മത്താ 17:1-9

7 വ്യാ
യാക്കോ 1:2-8
മർക്കോ 11:12-14, 20-26

8 വെ
**മാർ മാറി** (മാർ അദ്ദായിയുടെ ശിഷ്യൻ)
ഏശ 55:4-11
ശ്ലീഹ 4:32-37
1 കോറി 15:1-11
യോഹ 20:19-29

**വിശുദ്ധ ഡൊമിനിക്**
1 കോറി 2:1-10
ലൂക്കാ 9:57-62

9 ശ
യാക്കോ 2:1-8
ലൂക്കാ 14:15-24

10 ഞാ
നിയ 5:6-16
ഏശ 5:1-7
2 കോറി 7:1-11
യോഹ 9:1-12, 35-38

11 തി
യാക്കോ 2:21-26
മത്താ 23:34-39

**വിശുദ്ധ ക്ലാര**
നിയ 17:2-9
ഏശ 62:1-5
ഫിലി 3:8-14
മത്താ 19:27-29

12 ചൊ
യാക്കോ 3:13-18
ലൂക്കാ 4:25-30

13 ബു
2 കോറി 5:15-21
മർക്കോ 1:16-20

14 വ്യാ
യാക്കോ 5:13-20
മത്താ 10:5-15

**വിശുദ്ധ മാക്സിമില്യൻ കോൾബേ**
1 പത്രോ 3:14-17
ലൂക്കാ 9:23-26

15 വെ **പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗാരോപണം**
പുറ 15:11-18
ശ്ലീഹ 1:6-14
റോമാ 16:17-27
യോഹ 2:1-12
**ഇന്ത്യൻ സ്വാതന്ത്ര്യദിനം**

16 ശ യാക്കോ 4:13-17
ലൂക്കാ 9:49-56

17 ഞാ നിയ 5:16-24
ഏശ 9:13-21
2 കോറി 10:12-18
മർക്കോ 7:1-13

18 തി യാക്കോ 5:1-6
ലൂക്കാ 18:25-30

19 ചൊ യാക്കോ 5:7-12
മർക്കോ 13:24-31

20 ബു 2 കോറി 13:1-4
മത്താ 9:35-10:1

21 വ്യാ യാക്കോ 4:7-12
ലൂക്ക 12:49-53
**വിശുദ്ധ പത്താം പീയൂസ് മാർപാപ്പ**
1 രാജാ 19:3-8
സുഭാ 9:1-5
1 തെസ 2:2-4
യോഹ 21:15-19

22 വെ യാക്കോ 1:9-11
മത്താ 22:34-40

23 ശ 2 തെസ 2:5-12
മത്താ 11:20-24
**വി.ബർത്തലോമിയോശ്ലീഹാ**
നിയ 18:15-19
ഏശ 22:15-22
1 കോറി 12:27-31
ലൂക്കാ 6:12-19

24 ഞാ ലേവ്യ 23:33-44
ഏശ 28:14-22
2 കോറി 12:14-21
ലൂക്കാ 16:19-31

25 തി 2 തിമോ 3:10-17
മർക്കോ 4:26-34

26 ചൊ 2 തിമോ 4:1-6
യോഹ 4:27-38

27 ബു 1 തിമോ 6:17-21
മത്താ 7:15-20

28 വ്യാ 2 പത്രോ 1:10-15
മർക്കോ 10:35-45
**വിശുദ്ധ അഗസ്റ്റിൻ**
നിയ 10:12-17
ജ്ഞാനം 7:10-14
2 കോറി 5:14-21
മത്താ 5:13-19

29 വെ **വിശുദ്ധ ശ്മോനിയും ഏഴു മക്കളും**
2 മക്കാ 7:1-9
ശ്ലീഹ 7:54-60
ഹെബ്രാ 11:32-12:2
മത്താ 10:16-25
**വിശുദ്ധ ഏവുപ്രാസ്യ**
ഉത്പ 12:1-4
പ്രഭാ 2:1-6
1 തെസ 4:1-8
മർക്കോ 10:35-45

30 ശ 2 തെസ 2:1-4
മർക്കോ 13:3-13

31 ഞാ ലേവ്യ 19:1-4, 9-14
ഏശ 29:19-24
1 തെസ 2:1-12
ലൂക്കാ 17:11-19

## 2025 സെപ്തംബർ

1 തി **എട്ടുനോമ്പാരംഭം**
1 യോഹ 4:7-11
ലൂക്കാ 6:43-45

2 ചൊ 1 തെസ 3:2-6
മത്താ 9:18-26

3 ബു 1 തെസ 5:1-11
മത്താ 24:37-44

4 വ്യാ റോമാ15:14-21
മത്താ 12:46-50

5 വെ **ആദ്യവെള്ളി**
**വിശുദ്ധ ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും**
ദാനി 3:25-28, 36-42
ശ്ലീഹ 6:8-15
എഫേ 4:7-12
യോഹ 15:18-25
**കൊൽക്കത്തായിലെ വിശുദ്ധ തെരേസ**
യാക്കോ 2:14-17
മത്താ 25:31-40


6 ശ 1 യോഹ 2:1-6
ലൂക്കാ 21:5-6, 20-24

**വിശുദ്ധ ഗ്രന്ഥവായനകൾ**

| തീയതി | സമയം | പഴയനിയമം | ലേഖനം |
|---|---|---|---|
| 10.08.2025 | 5.30 am | ജോസ് പനോക്കാരൻ | ജോസഫ് പീച്ചാട്ട് |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | തങ്കച്ചൻ ചേരിയിൽ |
| 15.08.2025 | 6.00 am | ജയിംസ് വടക്കേൽ | ജോൺസൺ വെണ്ടർമ്യാലിൽ |
| | 8.00 am | ഷെഫി നടുത്തോട്ടത്തിൽ | മാത്വു ഊട്ടുകുളം |
| 17.08.2025 | 5.30 am | ജോർജ്ജ് തെക്കുംപുറം | ജോസ് വെണ്ടർമ്യാലിൽ |
| | 7.00 am | റോസ്മി ചെറായിൽ | ജോർജ്ജ് നടുക്കുടിയിൽ |
| 24.08.2025 | 5.30 am | ജോൺസൺ വെണ്ടർമ്യാലിൽ | ജയിംസ് വടക്കേൽ |
| | 7.00 am | ഏലിയാമ്മ പുത്തൻകുടിയിൽ | തങ്കച്ചൻ ചേരിയിൽ |
| 31.08.2025 | 5.30 am | ജോസഫ് പീച്ചാട്ട് | ജോസ് പനോക്കാരൻ |
| | 7.00 am | ജിംസി ഊട്ടുകുളം | ജോസ് വെണ്ടർമ്യാലിൽ |
| 07.09.2025 | 5.30 am | ജോർജ്ജ് തെക്കുംപുറം | ജോർജ്ജ് നടുക്കുടിയിൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | മാത്വു ഊട്ടുകുളം |

## സ്നേഹ സ്മരണയ്ക്ക്

**11-ാം ചരമവാർഷികം 7-08-2025**



**ക്യാപ്റ്റൻ ജോൺ വർക്കി കുഴിക്കണ്ടത്തിൽ**

## സ്നേഹ സ്മരണയ്ക്ക്


**2-ാം ചരമവാർഷികം 12-08-2025**



**കാതറിൻ ജോസഫ് താണിമറ്റം**

## സ്നേഹ സ്മരണയ്ക്ക്

**30-ാം ചരമവാർഷികം** 08-08-2025



**പി.സി. സേവ്യർ**
**പുത്തൻപുരയ്ക്കൽ**

## സ്നേഹ സ്മരണയ്ക്ക്

**12-ാം ചരമവാർഷികം** 21-08-2025



**തോമസ് പി. വർഗീസ് പരുവംമൂട്ടിൽ**

# സ്നേഹ സ്മരണയ്ക്ക്


**17-ാം ചരമവാർഷികം 04-08-2025**



**കുഞ്ഞുലോനൻ മത്തായി പരവര**

# സ്നേഹ സ്മരണയ്ക്ക്

**9-ാം ചരമവാർഷികം 18-08-2025**



**ജെയിംസ് സി. നെല്ലിപ്പിള്ളിൽ**

## സ്നേഹ സ്മരണയ്ക്ക്

**1-ാം ചരമവാർഷികം 13-08-2025**



**ചിന്നമ്മ മത്തായി പുത്തൻകുടിയിൽ**

## സ്നേഹ സ്മരണയ്ക്ക്

**11-ാം ചരമവാർഷികം 29-08-2025**



**മേരി മത്തായി വാഴയിൽ**

## സ്നേഹ സ്മരണയ്ക്ക്.... 04.08.2025

ഒന്നാം ചരമവാർഷികം



**ലില്ലി ജോർജ്ജ്**
**വടക്കുംതല**

## സ്നേഹ സ്മരണയ്ക്ക്.... 27.08.2025

ഒന്നാം ചരമവാർഷികം



**മേരി ജോസഫ്**
**നെല്ലിപ്പിള്ളിൽ**



# മൂവാറ്റുപുഴ ഈസ്റ്റ് നിർമ്മല മാതാ പള്ളിയിൽ

# എട്ടുനോമ്പാചരണവും പരി. കന്യാമറിയത്തിന്റെ പിറവിത്തിരുനാളും

**2025 സെപ്തംബർ 1 തിങ്കൾ മുതൽ സെപ്റ്റംബർ 8 തിങ്കൾ വരെ**

സ്നേഹമുള്ളവരെ,

നമ്മുടെ ഇടവകയിൽ എട്ടുനോമ്പാചരണവും, പരിശുദ്ധ കന്യാമറിയത്തിന്റെ പിറവിത്തിരുനാളും ഭക്ത്യാദരപൂർവ്വം നാം കൊണ്ടാടുകയാണ്. പരിശുദ്ധ അമ്മ വഴി കഴിഞ്ഞ കാൽ നൂറ്റാണ്ടായി നമ്മുടെ ഇടവകയ്ക്ക് ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറയാനും കൂടുതൽ ദൈവാനുഗ്രഹം പ്രാപിക്കുവാനുമായി ഈ ദിവസങ്ങളിൽ നമുക്ക് അമ്മയോടൊപ്പം ചേർന്നിരിക്കാം.

ഇടവകയിലെ വാർഡ് കൂട്ടായ്മകളുടെ നേതൃത്വത്തിൽ നടക്കുന്ന തിരുനാളാഘോഷം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സഹകരണത്തിന്റെയും അവസരമാക്കി മാറ്റാം.

എന്ന്,

വികാരി റവ. ഫാ. ജോർജ്ജ് വടക്കേൽ

കൈക്കാരന്മാർ : ജെയിംസ് വടക്കേൽ
ജോൺസൺ വെണ്ടർമ്യാലിൽ

**തിരുക്കർമ്മ സമയം:**

**01.09.2025 – 06.09.2025 (തിങ്കൾ – ശനി)**

**5.30 pm ജപമാല, വി. കുർബാന, നൊവേന**

**07.09.2025 (ഞായർ)**

**5.30 am വി. കുർബാന, ജപമാല,**
**7.00 am വി. കുർബാന, നൊവേന, 9.30 am വി. കുർബാന**

**08.09.2025 (തിങ്കൾ)**

**5.30 pm ജപമാല, വി. കുർബാന, നൊവേന, നേർച്ച**

**തിരുക്കർമ്മങ്ങൾ**
**ഏറ്റെടുത്ത് നടത്തേണ്ട വാർഡുകളുടെ ക്രമം**

1 - ാം തീയതി 1 - ാം വാർഡ്
2 - ാം തീയതി 2 - ാം വാർഡ്
3 - ാം തീയതി 3 - ാം വാർഡ്
4 - ാം തീയതി 4 - ാം വാർഡ്
5 - ാം തീയതി 5 - ാം വാർഡ്
6 - ാം തീയതി 6 - ാം വാർഡ്
7 - ാം തീയതി 7, 8 വാർഡുകൾ
8 - ാം തീയതി 9, 10 വാർഡുകൾ

NB:- സമാപന ദിവസം മാത്രം എല്ലാ വാർഡുകളുടേയും നേതൃത്വത്തിൽ നേർച്ച വിതരണം ഉണ്ടായിരിക്കും